ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 22.06.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ബ്രിക്സ് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ രണ്ട് ദിവസത്തെ യോഗം ഇന്ന് ന്യൂഡൽഹിയിൽ തുടങ്ങും. 11 രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കും.

   **The two-day meeting of BRICS National Security Advisers will begin today in New Delhi. Representatives from 11 countries will participate in the meeting.**

2. രാഷ്ട്രപതി ദ്രൗപദി മുർമു 2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി നാളെ സമ്മാനിക്കും.

   **President Droupadi Murmu will confer the 2026 Padma Award to 65 awardees tomorrow.**

3. കേരളത്തിൽ പകർച്ചവ്യാധി വ്യാപനം സംബന്ധിച്ച അടിയന്തര പ്രമേയം നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നതായി ആരോഗ്യമന്ത്രി.

   **The Opposition staged walkout in the Kerala Legislative Assembly in protest against the rejection of an adjournment motion on the spread of communicable diseases in the state. The Health Minister stated that disease prevention and control measures are progressing effectively.**

4. രാജ്യത്ത് എം.എസ്.എം.ഇകളുടെ സ്വാധീനം ഏറെ വലുതാണെന്ന് റിസർവ്വ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര.

   **RBI Governor Sanjay Malhotra said that the impact of MSMEs in the country is highly significant.**

5. നീറ്റ് -യുജി പുനഃപരീക്ഷാ ചോദ്യപേപ്പർ ചോർന്നതായി സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി.

**The NTA has refuted claims of a video circulating on social media that the NEET (UG) 2026 Re-Examination question paper was leaked on Telegram before the examination.**

6. കേരളത്തിൽ ശക്തമായ മഴ തുടരും. എട്ടു ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രത. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rainfall is expected to continue in Keralam. A yellow alert has been issued today in eight districts and Lakshadweep. Fishing has been banned along the Keralam and Lakshadweep coasts.**

&&&&&&&&&&&&&&&&&&&&&&&&

## BRICS – NSA MEETING

ബ്രിക്സ് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ രണ്ട് ദിവസത്തെ യോഗം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. സമ്മേളനത്തിൽ 11 അംഗ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കും. ലോകം ഇന്ന് നേരിടുന്ന പാരമ്പര്യേതര സുരക്ഷാ വെല്ലുവിളികൾ' എന്ന വിഷയം യോഗം ചർച്ച ചെയ്യും. നിലവിലെ അന്താരാഷ്ട്ര സുരക്ഷാ സാഹചര്യത്തെക്കുറിച്ചും പ്രധാന ആഗോള, പ്രാദേശിക വിഷയങ്ങളെക്കുറിച്ചും ബ്രിക്സ് അംഗരാജ്യങ്ങൾ കാഴ്ചപ്പാടുകൾ കൈമാറും.

&&&&&&&&&&&&&&&&&&&&&&&&

## PADMA AWARDS

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ.ടി.തോമസിന് പദ്മവിഭൂഷണും, നടൻ മമ്മൂട്ടിക്ക് പദ്മഭൂഷണും സമ്മാനിക്കും.

&&&&&&&&&&&&&&&&&&&&&&&&

## JAISHANKAR-KOREA VISIT

വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കറിൻറെ മംഗോളിയൻ സന്ദർശനത്തിന് തുടക്കമായി. മംഗോളിയൻ സ്റ്റേറ്റ് സെക്രട്ടറി അദ്ദേഹത്തെ സ്വീകരിച്ചു. ഇന്ത്യ - മംഗോളിയ പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തുമെന്ന് ശ്രീ ജയ്ശങ്കർ പറഞ്ഞു. മംഗോളിയൻ വിദേശകാര്യ മന്ത്രിയുമായി അദ്ദേഹം ചർച്ച നടത്തും. ഈ മാസം 24 ന് ദക്ഷിണ കൊറിയയിൽ എത്തുന്ന ശ്രീ ജയ്ശങ്കർ വിദേശകാര്യമന്ത്രി ചോ ഹ്യൂണുമായും കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&&&&&&&&&&

## MURMU - KUNO NATIONAL PARK (INTRO)

രാഷ്ട്രപതി ദ്രൗപതി മുർമു മധ്യപ്രദേശിലെ കുനോ ദേശീയോദ്യാനം സന്ദർശിച്ചു. രാജ്യത്ത് വംശനാശം സംഭവിച്ച ചീറ്റപുലിയുടെ എണ്ണം വർധിപ്പിക്കുന്നതിനായുള്ള പ്രോജക്റ്റ് ചീറ്റയുടെ പുരോഗതി രാഷ്ട്രപതി വിലയിരുത്തി .പാർക്കിലെ ചീറ്റ മാനേജ്മെന്റ് ഏരിയ സന്ദർശിച്ച രാഷ്ട്രപതിയോട് പദ്ധതിയുടെ സ്ഥിതിയെക്കുറിച്ച് ഉദ്യോഗസ്ഥർ വിശദീകരിച്ചു.

**ഒരു റിപ്പോർട്ട്......**

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&

## MURMU - KUNO NATIONAL PARK (VOICE)

മികച്ച ആവാസ വ്യവസ്ഥ,താരതമ്യേന കുറഞ്ഞ മനുഷ്യഇടപെടൽ എന്നിവയാണ് ചീറ്റ പുനരുദ്ധാരണത്തിനായി പ്രോജക്റ്റ് ചീറ്റയുടെ കീഴിൽ കുനോ ദേശീയോദ്യാനം തെരഞ്ഞെടുത്തത്. കുനോ ദേശീയോദ്യാനത്തിൽ സഫാരി നടത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു ചീറ്റകളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സഹരിയ ഗോത്രത്തിലെ അംഗങ്ങളുമായും, ചീറ്റ ട്രാക്കർമാരുമായും, പ്രാദേശിക വനം ഉദ്യോഗസ്ഥരുമായും, ടൂറിസ്റ്റ് ഗൈഡുകളുമായും സംവദിച്ചു. ഇന്ത്യയിൽ നിലവിൽ

52 ചീറ്റകളാണുള്ളത്. ഇതിൽ 49 എണ്ണം കുനോ ദേശീയോദ്യാനത്തിലും മൂന്നെണ്ണം ഗാന്ധി സാഗർ വന്യജീവി സങ്കേതത്തിലുമാണ്. 2022 ലാണ് പ്രോജക്റ്റ് ചീറ്റ പദ്ധതിക്ക് തുടക്കമായത് .

**ന്യൂസ് ഡെസ്ക് ആകാശവാണി....**

**&&&&&&&&&&&&&&&&&&&&&&&&&**

## SHASHI THAROOR: J&K VISIT

അതിർത്തി സുരക്ഷ, വിദേശനയം തുടങ്ങിയ വിഷയങ്ങൾ അവലോകനം ചെയ്യുന്നതിനായി പാർലമെൻ്റിൻ്റെ വിദേശകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ജമ്മു കശ്മീർ, ലഡാക്ക് സന്ദർശനം ആരംഭിച്ചു. ശശി തരൂർ എം പി അധ്യക്ഷനായ സമിതി നാല് ദിവസം സന്ദർശനം നടത്തും. ഇന്ത്യയുടെ ഉഭയകക്ഷി ബന്ധങ്ങളിലെ സമീപകാല വികാസങ്ങൾ, സിന്ധു നദിജല ഉടമ്പടി, അതിർത്തി കടന്നുള്ള ഭീകരത തുടങ്ങിയവ സമിതി പരിശോധിക്കും. ഈ മാസം 25 വരെയാണ് സന്ദർശനം.

**&&&&&&&&&&&&&&&&&&&&&&&&&**

## RBI – GOVERNOR

രാജ്യത്ത് എം.എസ്.എം.ഇകളുടെ സ്വാധീനം ഏറെ വലുതാണെന്ന് റിസർവ്വ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര. അന്താരാഷ്ട്ര എം.എസ്.എം.ഇ ദിനത്തോടനുബന്ധിച്ച് ആർ.ബി.ഐ തിരുവനന്തപുരം റീജിയണൽ ഓഫീസ് എം.എസ്.എം.ഇ സംരംഭകർക്കായി കൊച്ചിയിൽ നടത്തിയ ബോധവൽക്കരണ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എം.എസ്.എം.ഇകൾ ഉയർന്ന വരുമാനം മാത്രമല്ല, നിരവധി തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നുണ്ടെന്നും ശ്രീ സഞ്ജയ് മൽഹോത്ര പറഞ്ഞു. 140-ലധികം സംരംഭകർ പരിപാടിയിൽ പങ്കെടുത്തു.

**&&&&&&&&&&&&&&&&&&&&&&&&&**

## NTA - LEAK FAKE NEWS

നീറ്റ് -യുജി പുനഃപരീക്ഷാ ചോദ്യപേപ്പർ ടെലിഗ്രാമിൽ ചോർന്നതായി സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി. വീഡിയോ നിർമിച്ചവർക്കെതിരെ നടപടിയെടുക്കുമെന്ന് എൻടിഎ വ്യക്തമാക്കി. സമഗ്രമായ സുരക്ഷയിലും നിരീക്ഷണത്തിലുമാണ് ഇന്നലെ പരീക്ഷ നടത്തിയതെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## QATAR EXPLOSION

ഖത്തറിലെ പ്രധാന പ്രകൃതിവാതക കയറ്റുമതി കേന്ദ്രത്തിൽ ഉണ്ടായ സ്ഫോടനത്തിൽ 54 പേർക്ക് പരിക്കേറ്റു. 18 പേരെ കാണാതായി. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഊർജ്ജ കേന്ദ്രങ്ങളിലൊന്നായ റാസ് ലഫാൻ വ്യാവസായിക മേഖലയിലാണ് സ്ഫോടനം ഉണ്ടായത്. സ്ഫോടനം സംബന്ധിച്ച് അന്വേഷണം ആരംഭിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## KERALA NIYAMASABHA (INTRO)

നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്......**

(വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&

## CM - PENSION

സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ 3000 രൂപയാക്കുന്നത് സംബന്ധിച്ച് എത്രയും വേഗം തീരുമാനമെടുക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. സാമൂഹ്യ സുരക്ഷാ ക്ഷേമ

പെൻഷൻ വീടുകളിൽ എത്തിക്കുന്നത് തുടരുമെന്നും അദ്ദേഹം നിയമസഭയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## RAIN - KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ടു ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&&&

## NTA UGC NET EXAM

യു.ജി.സി നെറ്റ് പരീക്ഷകൾക്ക് തുടക്കമായി. ഈ മാസം 30 വരെയാണ് ദേശീയതലത്തിലുള്ള കമ്പ്യൂട്ടർ അധിഷ്ഠിത യോഗ്യതാ പരീക്ഷ നടക്കുക. ജൂനിയർ റിസർച്ച് ഫെലോഷിപ്പ്, അസിസ്റ്റൻറ് പ്രൊഫസർ തസ്തികകൾ, വിവിധ സർവ്വകലാശാലകളിലെ പിഎച്ച്.ഡി പ്രവേശനം എന്നിവയ്ക്കുള്ള യോഗ്യത നിർണ്ണയിക്കുന്നതിനാണ് പരീക്ഷ.

&&&&&&&&&&&&&&&&&&&&&&&&

## KEEM - EXAM RESULT

കീം പരീക്ഷ ഫലപ്രഖ്യാപനം മാറ്റിവെച്ചു. സി.ബി.എസ്.ഇ പ്ലസ്- ടു പുനർ മൂല്യനിർണ്ണയ പരീക്ഷാ ഫലം വന്നതിനെ തുടർന്ന് മാർക്ക് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടണമെന്നാവശ്യപ്പെട്ട് വിദ്യാർത്ഥികളും രക്ഷിതാക്കളും ആശങ്ക അറിയിച്ചതിൻ്റെ അടിസ്ഥാനത്തിലാണ് ഫല പ്രഖ്യാപനം മറ്റൊരു ദിവസത്തേക്ക് മാറ്റിയത്.

&&&&&&&&&&&&&&&&&&&&&&&&

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 361 പോയിന്റ് ഉയർന്ന് 77,164 ലും, നിഫ്റ്റി 105 പോയിന്റ് നേട്ടത്തിൽ 24,118 ലും വ്യാപാരം തുടരുന്നു. സ്വർണ വില

കൂടി. പവന് 320 രൂപ വർധിച്ച് ഒരു ലക്ഷത്തി 7,440 രൂപയും, ഗ്രാമിന് 13,430 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&&

## CRUDE OIL

ആഗോള അസംസ്കൃത എണ്ണ വില ഇന്ന് 3 ശതമാനം വരെ ഇടിഞ്ഞു. അമേരിക്കയും ഇറാനും തമ്മിലുള്ള ആദ്യ റൗണ്ട് സമാധാന ചർച്ചകൾ അവസാനിച്ചതിന് പിന്നാലെയാണ് എണ്ണ വിലയിൽ ഇടിവ് രേഖപ്പെടുത്തിയത്. ഇതോടെ വിതരണത്തെക്കുറിച്ചുള്ള ആശങ്കകൾ കുറയുകയും ഇറാനിയൻ എണ്ണ കയറ്റുമതി വർദ്ധിപ്പിക്കുമെന്ന പ്രതീക്ഷ ഉയരുകയും ചെയ്തു.

&&&&&&&&&&&&&&&&&&&&&&&&

## FIFA WORLD CUP FOOTBALL

ഫിഫ ലോകകപ്പിൽ നിലവിലെ ചാമ്പ്യന്മാരായ അർജന്റീന ഇന്ന് ഓസ്ട്രിയയെ നേരിടും. രാത്രി 10 : 30 നാണ് മത്സരം. ഇന്ന് രാവിലെ നടന്ന ഉറുഗ്വേ -കേപ് വെർദെ മത്സരം ഇരു ടീമും രണ്ടു ഗോളുവീതം അടിച്ച് സമനിലയിൽ പിരിഞ്ഞു. മറ്റൊരു മത്സരത്തിൽ ന്യൂസിലാന്റിനെ ഒന്നിനെതിരെ മൂന്ന് ഗോളിന് ഈജിപ്റ്റ് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന്. രാവിലെ 11 മണിക്ക് പരിപാടിയുടെ 135-ാം പതിപ്പ് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 26 വരെ MY GOV, NaMo App, 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ എന്നിവയിലൂടെ അറിയിക്കാം.

&&&&&&&&&&&&&&&&&&&&&&&&

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം

അവസാനം വരെ നീളുന്ന സെൽഫ് എന്യൂമറേഷന് se.census.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് വിവരങ്ങൾ സമർപ്പിക്കാം.

&&&&&&&&&&&&&&&&&&&&&&&&

**CBSE**

CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ പുനർമൂല്യനിർണ്ണയ ഫലങ്ങൾ ഘട്ടം ഘട്ടമായി പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. ലഭിച്ച ആകെ അപേക്ഷകളുടെ 87 ശതമാനത്തിലധികവും ഇന്നലെ പ്രഖ്യാപിച്ചതായി CBSE അറിയിച്ചു. results.digilocker.gov.in/ എന്ന വെബ്സൈറ്റിൽ വിശദാംശങ്ങൾ പരിശോധിക്കാവു ന്നതാണ്. ആധികാരിക വിവരങ്ങൾക്ക് സിബിഎസ്ഇയുടെ ഔദ്യോഗിക ആശയവിനിമയങ്ങളെ മാത്രം ആശ്രയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&